പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2175

08/03/2018ൽ മറുപടിക്ക്

## ശബരിമല തീർത്ഥാടകർക്ക് അന്തർദേശീയ നിലവാര സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>,, അടൂർ പ്രകാശ്<br>,, വി.പി.സജീന്ദ്രൻ<br>,, കെ.എസ്.ശബരീനാഥൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എടുത്ത തീരുമാനത്തിന്റെ തുടർച്ചയായി ഈ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. |
| (ബി) | ശബരിമലയുടെ വികസനത്തിനായി കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും സ്കീമുകളിൽ ഉൾപ്പെടുത്തി 2016-ന് ശേഷം സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കിയത്; | (ബി) | ശബരിമലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ വിനോദ സഞ്ചാര വകുപ്പിന്റെ സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ പ്പെടുത്തി എരുമേലി, പമ്പ, സന്നിധാനം എന്നിവിടങ്ങളിലേയ്ക്ക് സ്വദേശ് ദർശൻ പദ്ധതി പ്രകാരം 99.98 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ 19.61 കോടി രൂപ ആദ്യ ഗഡുവായി ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രച്ചർ ഫണ്ടിലേയ്ക്ക് സംസ്ഥാന ടൂറിസം വകുപ്പ് മുഖേന നൽകിയിട്ടുണ്ട്. കൂടാതെ ശ്രീപദ്മനാഭ - ആറന്മുള - ശബരിമല വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ വിനോദ സഞ്ചാര വകുപ്പ് 6.00 കോടി രൂപയും അനുവദിച്ച ഉത്തരവായിട്ടുണ്ട്. ഇതിൽ ശബരിമല പദ്ധതിയുടെ നടത്തിപ്പിനായി 1.23 കോടി രൂപ ആദ്യ ഗഡുവായി ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രച്ചർ ഫണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. |
| (സി) | തീർത്ഥാടകർക്ക് ശബരിമലയിൽ അന്തർ ദേശീയ നിലവാരമുള്ള സൗകര്യങ്ങൾ ഒരുക്കു ന്നതിന് ആവശ്യമായ ഭൂമി ലഭ്യമാണോ; | (സി) | ലഭ്യമല്ല. |
| (ഡി) | വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ വനഭൂമി വിട്ടുതരണമെന്ന ആവശ്യം കേന്ദ്ര ത്തിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതികരണം എന്താണ് എന്നറിയിക്കാമോ? | (ഡി) | വികസന പ്രവർത്തനങ്ങൾക്കായി 500 ഹെക്ടർ വനഭൂമി വിട്ടു തരണമെന്ന് കേന്ദ്രസർക്കാരിനു നിവേദനം നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ